# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.T 4507 – 18/05/2017 - ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. ഹൈബി ഈഡൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി. ടി. ബൽറാം
ശ്രീ. കെ. മുരളീധരൻ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | 16.05.2017 -ലെ ജി ഒ (പി) നം. 65/2017/ധന പ്രകാരം വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>• 01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലു വർഷത്തേയ്ക്ക് വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.<br>• 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് സർക്കാർ സഹായം നൽകുന്നതാണ്.<br>• അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുന്നതാണ്.<br>• മാനേജ്മെന്റ് / എൻ. ആർ. ഐ ക്വോട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.<br>• മാനേജ്മെന്റ് ക്വോട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരാണ്.<br>• ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. |

| | | |
|---|---|---|
| | | • ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ആദ്യത്തെ ഗ്രാജുവേറ്റ് / പോസ്റ്റ് ഗ്രാജുവേറ്റ് / ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.<br>• 01.04.2016 -ൽ വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ കവിയാത്ത, വായ്പയെടുത്ത വിദ്യാർത്ഥികൾക്കു മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40 % അംഗപരിമിതിയുള്ളവർക്ക് ഉയർന്ന വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും. |
| ബി | വിദ്യാഭ്യാസ വായ്പ അനുവദിച്ച ബാങ്കുകൾക്ക് എത്ര രൂപ കിട്ടാക്കടമായുണ്ട്; | വിദ്യാഭ്യാസ വായ്പ അനുവദിച്ചയിനത്തിൽ പൊതുമേഖലാ ബാങ്കുകൾക്ക് 1166 കോടി രൂപയും സ്വകാര്യ ബാങ്കുകൾക്ക് 149 കോടി രൂപയും സഹകരണ ബാങ്കുകൾക്ക് 43 കോടി രൂപയുമായി ആകെ 1358 കോടി രൂപയാണ് ബാങ്കുകൾക്ക് കിട്ടാക്കടമായുള്ളത്. |
| സി | ദേശസാത്കൃത ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് നൽകുമോ; | |
| ഡി | പ്രസ്തുത പദ്ധതിയിലൂടെ എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ; | കുടുംബ വാർഷിക വരുമാനം, വായ്പാ പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിക്കുള്ള ആനുകൂല്യത്തിന് വിദ്യാർത്ഥികൾ അർഹരാകുന്നത്. ആയതിനാൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാകുന്ന മുറയ്ക്കു മാത്രമേ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ. |
| ഇ | തിരിച്ചടവ് പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | സംസ്ഥാനത്തെ വിവിധ ബാങ്കുകളുമായി സഹകരിച്ച് ധനകാര്യ വകുപ്പ് നേരിട്ട് നടത്തുന്ന ഒരു പദ്ധതിയാണിത്. 16.05.2017 -ലെ ജിഒ(പി) നം.65/2017/ധന പ്രകാരം ഈ പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**